NAIR SERVICE SOCIETY


little KITEs

# NSS HSS

# CHATHANNOOR

# E-പുലരി

# 2023-2024



## മന്നത്ത് പത്മനാഭൻ

"എവിടെ പ്രവർത്തനത്തിൽ
ആത്മാർത്ഥതയും പ്രവൃത്തികളിൽ
ആത്മവിശ്വാസവും കാണുന്നുവോ
അവിടെ വിജയമുണ്ട് ;
അതില്ലാത്തിടത്ത്
എല്ലാം പരാജയമടയും
. അതാണ് എന്റെ ഭഗവദ്ഗീത".

# എൻ എസ് എസ് എച്ച് എസ് എസ് ചാത്തന്നൂർ



കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിലൊന്നാണ് ചാത്തന്നൂർ എൻ.എസ്.എസ്.എച്ച്.എസ്.എസ് . ഈ നാട്ടിലെ വിദ്യാർത്ഥികൾക്ക് 7 -ാം ക്ലാസ്സ് കഴിഞ്ഞാൽ വളരെ ദൂരെ പോയി പഠിക്കേണ്ടി വന്ന സാഹചര്യത്തിൽ നായർ സമുദായംഗങ്ങളുടെ ശ്രമഫലമായി 1940 - ൽ ഈ വിദ്യാലയം സ്ഥാപിതമായി. സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ 1942 - ൽ ഈ വിദ്യാലയം പൂർണ്ണമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചു.വളരെ ക്ലേശവഴികൾ താണ്ടി ഇന്നീ വിദ്യാലയം ചാത്തന്നൂരിന്റെ തിലകക്കുറിയായി മാറിയിരിക്കുന്നു.ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. അക്കാദമിക വിഷയങ്ങളിൽ മാത്രമല്ല കലാകായിക മത്സരങ്ങളിലും വിജയക്കൊടി പാറിച്ചു കൊണ്ട് ഈ വിദ്യാലയം മുന്നേറുന്നു.ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ സമൂഹം എന്നു തിരിച്ചറിഞ്ഞുകൊണ്ട് അവരെ നന്മയുള്ള മനുഷ്യരാക്കി മാറ്റാനുള്ള ആത്മാർത്ഥമായ ശ്രമമാണ് ഈ വിദ്യാലയം മുന്നോട്ടുവയ്ക്കുന്നത്. അതിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**Address: NSS HSS CHATHANNOOR ,CHATHANNOR PO KOLLAM**

Pin code: 691572
Phone no: 0474 2593507
Email: 41003klm@gmail.com
School Code: 41003
Education District: Kollam
School level: 8 to 12
Medium: English And Malayalam
Principal: Radhakrishnan Nair. M
Head Mistress: Girija Kumari.G
PTA President: Santhosh Kumar. A
Clubs: LITTLE KITES,NCC GIRLS,NCC BOYS,JRC,IT CLUB,MATHS CLUB,
SOCIAL SCIENCE CLUB,JAIVA VYVIDHYA CLUB,MALAYALAM CLUB
VIDHYA RANGAM CLUB

# ഉള്ളടക്കം

ആശംസ ....................................................................1-7

എഡിറ്റോറിയൽ ബോർഡ് ..........................................8

എഡിറ്റോറിയൽ.........................................................9

ചിത്രങ്ങൾ...............................................................10-27

സൂര്യൻ ......................................................................28

രാത്രിമഴ..................................................................... 29

വേർപാട് ....................................................................30

അമ്മ മലയാളം ..........................................................31

പോയി മറഞ്ഞ ബാല്യകാലം ....................................32

വിശ്വസിക്കാനാവാതെ ............................................33-34

പ്രകൃതി എന്ന അമ്മ ..................................................35

ബെഞ്ചമിൻ ജോസ് പ്ലേയിങ് ക്രിക്കറ്റ് .................36-37

History Of Bulb ..........................................................38

History Of Watch .......................................................39

ഞാൻ ..........................................................................40

NSS HSS Staff ...........................................................41

നേട്ടം ..........................................................................42

Little Kites Members .................................................43

നന്ദി...........................................................................44

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . ഹാർഡ് വെയർ, അനിമേഷൻ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്ങ്, പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് പദ്ധതി '. ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്കു പുറമേ വിദഗ്ധരുടെ ക്യാമ്പുകൾ, ക്ലാസ്സുകൾ, ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നു. സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം, പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്ടേഴ്സിലേക്കുള്ള ഉള്ളടക്ക നിർമ്മാണം, സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി എൻ. എസ്. എസ്. എച്ച്. എസ്. എസ്. ചാത്തന്നൂർ ഇ - മാഗസിനായ 'E-പുലരി' കുട്ടികൾക്കായി സമർപ്പിക്കുന്നു.

# ആശംസ



**രാധാകൃഷ്ണൻ നായർ എം**

**(പ്രിൻസിപ്പാൾ എൻ എസ് എസ് എച്ച് എസ് എസ് ചാത്തന്നൂർ)**

അറിവിന്റെ പുതിയ ചക്രവാളം തേടി നടക്കുന്ന ഈ കാലഘട്ടത്തിൽ ഐ റ്റി സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള 'E-പുലരി എന്ന E- മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസ



## ഗിരിജ കുമാരി.ജി


(ഹെഡ്മിസ്ട്രസ് എൻ  എസ് എസ് എച്ച് എസ് എസ് ചാത്തന്നൂർ)

ഓർത്തെടുക്കാനും ഓർമ്മയിൽ സൂക്ഷിക്കാനും നാം ആഗ്രഹിക്കുന്ന കാലമാണ് സ്കൂൾ കാലഘട്ടം. അതിൽ കാലത്തിന്റെ കുതിപ്പിനൊപ്പം ഭാവനയും കൂട്ടി നിറച്ച് കുട്ടികൾ ഒരുക്കിയ കലാവിരുന്ന്. വിദൂരക്കാഴ്ചകളേയും അറിവിനെയും വിരൽത്തുമ്പുകൊണ്ട് സ്പർശിച്ചറിഞ്ഞ പുതുതലമുറയ്ക്ക് E-പുലരി നല്ല ഒരു സന്ദേശമാകട്ടെ. അജ്ഞാതമായ ലഹരിയേക്കാൾ എത്രയോ മഹത്തരമാണ് ഈ അക്ഷരലഹരി. ഈ പതിപ്പിന്റെ പിന്നിൽ ഒരുപാട് അധ്വാനങ്ങളുണ്ട്.സ്വയം ആർജ്ജിച്ച കഴിവുകളെ കലാസൃഷ്ടിയാക്കി ഉലയിലൂതി  ഒരുക്കിയെടുത്ത E-പുലരിയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.നിങ്ങളുടെ ഓരോ ഭാവനാസൃഷ്ടിയും നമ്മുടെ സ്കൂളിന്റെ ചരിത്രത്തിൽ നാഴികകല്ലായി മാറട്ടെ .ഇതിനു ചുക്കാൻ പിടിച്ച ശരത് സാറിനും ചിത്രടീച്ചറിനും അഭിനന്ദനങ്ങൾ .

ഒത്തിരി സ്നേഹത്തോടെ

ഗിരിജാകുമാരി.ജി
(H.M)

# ആശംസ



**സന്തോഷ് കുമാർ എ**

**(പി ടി എ പ്രസിഡന്റ്)**

ചാത്തന്നൂർ എൻ എസ് എസ് ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ E-മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

സ്കൂളിന്റെ യശസ്സ് ഉയർത്തിപിടിക്കാനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു .

# ആശംസ



**ലതാമണി എസ്**

**( സീനിയർ അസിസ്റ്റന്റ്  എൻ എസ് എസ് എച്ച്  എസ് എസ് ചാത്തന്നൂർ )**

പുതിയ ആശയങ്ങളും ചിന്തകളും കണ്ടുപിടിത്തങ്ങളും നടത്തി സ്വയം നവീകരിക്കാനുള്ള സവിശേഷ കഴിവായ സർഗാത്മകത ഓരോ മനുഷ്യനിലുമുണ്ട് .വിദ്യാർത്ഥികളുടെ സർഗവൈഭവശേഷി പ്രകടനമാക്കുവാനും അവർക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന പ്രതിഭകളെ കണ്ടെത്തുവാനും അവതരിപ്പിക്കുവാനും E -മാഗസിൻ ഒരു അവസരമാകട്ടെ  എന്ന് ആശംസിക്കുന്നു. സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് രൂപപ്പെടുത്തിയ E-മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ .....

# ആശംസ



## ബി.ഭദ്രൻപിള്ള

(ജനറൽ സെക്രട്ടറി,DSTA)

ചാത്തന്നൂർ എൻ എസ് എസ് എച്ച് എസ് എസ് ലെ ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ E-മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് .കുട്ടികളുടെ സാമൂഹിക വ്യക്തിത്വ വികസനത്തിന് പാഠ്യവിഷയങ്ങൾ പോലെ പ്രധാനപ്പെട്ടതാണ് പഠ്യേതര വിഷയങ്ങളും,സർഗ്ഗവാസനകൾ പരിപോക്ഷിപ്പിക്കുവാൻ E-മാഗസിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ബി. ഭദ്രൻപിള്ള
(ജനറൽ സെക്രട്ടറി, ഡെമോക്രാറ്റിക് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ)

# ആശംസ



**Bindu Kumari G S**
**SITC**

"Thrilled to say thank you for all the incredible contributions from our talented students for IT Magazine! Their insights and innovation shine through – check it out for a dose of future tech brilliance!"

# ആശംസ



## സ്കൂൾ ലീഡർ
## (കെവിൻ.പി.സണ്ണി )

സർഗ്ഗാവിഷ്കാരത്തിന്റെ രംഗവേദിയാണ് ഓരോ കലാലയവും.വിദ്യാർത്ഥികളുടെ സർഗ്ഗഭാവനയുടെ വാതായനങ്ങൾ തുറക്കുന്ന കലാസൃഷ്ടിയാണ് ഈ മാഗസിൻ .തൂലികയിലെ മഷിയിലൂടെ പുറത്തുവരുന്ന അക്ഷരങ്ങൾ എന്നും ലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവയായിരിക്കുന്നു.നമ്മുടെ മനസ്സിൽ ഉളവാകുന്ന ആശയങ്ങളാണ് സൃഷ്ടികളായി മാറുന്നത് അത് കഥയായും,കവിതയായും,ലേഖനങ്ങളായും,വരകളായും മറ്റുള്ളവരിൽ എത്തുകയും,അവരിലൂടെ അത് സമൂഹത്തിന്റെ മാറ്റത്തിന് പൊതുവാകുകയും ചെയ്യുമ്പോഴാണ് സൃഷ്ടിയുടെ ധർമ്മം പൂർത്തിയാകുന്നത് .

ഈ ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിലെ വിദ്ധാർത്ഥികൾ അണിയിച്ചൊരുക്കിയ E-മാഗസിൻ ഏറ്റവും വിജ്ഞാനപ്രദമായി മാറിയതിൽ ഏറെ സന്തോഷം. ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

# EDITORIAL BOARD

**STAFF EDITOR**




Sarath Sankar
Kite Master

**STAFF EDITOR**



Chithra A
Kite Mistress

## CHIEF EDITOR



Sourav S Chandran
9B

## ASSISTANT EDITORS



S.Srehari
9D



Ayana Asok
8B



P Neeraj
9B




Jinu John
9E

# എഡിറ്റോറിയൽ

നമ്മൾ പുറത്തിറക്കുന്ന ഈ മാഗസിൻ ക്ലാസ്മുറികളിൽ നിന്ന് പുറത്തുള്ള ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കുന്ന കുട്ടികളുടെ ചിന്തകൾ പ്രതിഫലിക്കുന്ന ഇടമാണ്. ഇതിൽ ഭാഷയോടുള്ള സ്നേഹം, പ്രകൃതിയോടുള്ള അടുപ്പം, ശാസ്ത്രത്തെക്കുറിച്ചുള്ള നല്ല അറിവുകൾ തുടങ്ങിയ വിവിധങ്ങളായ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതൊക്കെ വായിച്ചപ്പോൾ നമ്മുടെ കുട്ടികളുടെ എഴുത്തിന്റെ നിലവാരവും ഭാവനയും അതിശയമുളവാക്കി. എന്തുകൊണ്ടും നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും മുതൽക്കൂട്ടാകുന്ന ഭാവി തലമുറയെ കാണാൻ കഴിഞ്ഞു. അവയെ കണ്ടെത്തി അവതരിപ്പിക്കുകയാണ് ഞങ്ങൾ ചെയ്തത്. അധ്യാപകരുടെ പ്രേരണയാണ് ഞങ്ങൾക്ക് ഇതിനു ഊർജ്ജം പകർന്നത്. ഈ ദൗത്യം ഒരു മഹത്തായ കാര്യമായി തോന്നുന്നു. മാഗസിൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം തന്ന അധ്യാപകർക്കും എന്നോടൊപ്പം സഹകരിച്ച വിദ്യാർത്ഥികൾക്കും നന്ദി അറിയിച്ചുകൊണ്ട് സംതൃപ്തിയോടെയാണ് ഈ സൃഷ്ടി വായനക്കാരുടെ മുന്നിൽ സമർപ്പിക്കുന്നത്. എല്ലാവരും ഇത് നല്ല മനസോടെ സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ.




സൗരവ് എസ് ചന്ദ്രൻ
9B(ചീഫ് എഡിറ്റർ)






Nainika.AT
VIIIE





JOSH




Ajan Krishna R
VIII B





Ayana Asok
VIIIB




Anjitha S Nair
VIII B




Sivani R V
VIII D





Sivani R V






VIII F
Gargi.R






Gargi.R
VIII F





GARGI R



**ALEENA BS**

VIII F


MAKE
A WISH
AND SO THE ADVENTURE Begins
YOU'VE GOT THE WORLD ON A STRING
little
KITEs
GO FLY A KITE

**ATHMAJ SD**
9 F




Nakshathra
VIII F





**Chaaru S**
**VIII E**





Daya Dil

This is Not a Joke
This is an True love!

I AM
your Friend"!



Just
for you



Sivani R V
VIII D

You Are me ♥

Sivani R V

Sivani·R·v




Aiswarya Raj
VIII F





Aleena Rajeev
VIII F



# സുര്യൻ

പ്രഭാതത്തിൽ ഉണർന്നു ഞാൻ
സുര്യദീപത്തെ ഒന്നു കാണാൻ
അന്ധകാരത്തെ അകറ്റി
പ്രപഞ്ചമാകെ സ്വർണ്ണവർണ്ണ
ശോഭ വീശി പ്രകാശ ഭൂരിതമായി
തിളങ്ങുന്ന പൊൻകിരണങ്ങളെ
ഭുമിയും സ്വാഗതം ചെയ്യുന്നു
വൈരക്കല്ലു പതിച്ചപോലെ നിൽക്കുന്ന
പുൽനാമ്പുക്കളിലെ മഞ്ഞുത്തുള്ളികളും
ആദിത്യനെ നോക്കി പുഞ്ചിരിതൂകുന്നു
അല്ലയോ കതിരവനെ എങ്ങോട്ടാണ്
നിന്റെ പ്രപഞ്ചസൗന്ദര്യം കൊണ്ട്
എവിടെയ്ക്കാണ് നിന്റെ യാത്ര?



പ്രണവ് പി എസ്
VIII C



# രാത്രിമഴ

രാത്രിയിൽ മഴത്തുള്ളികൾ
പെയ്ത് ഇറങ്ങി
മണ്ണിന്റെ കാതിൽ കേൾപ്പൂ
പ്രണയത്തിൻ തുള്ളികൾ
താളം മീട്ടും
ചില മധുര സ്മരണകൾ
എന്നോട് ചോദിക്കാതെ
തന്നെ കുളിരേകിപെയ്യ്തു
വൃക്ഷങ്ങൾ,സസ്യങ്ങൾ
ഉന്മേഷം ഏകി ഉണർവോടെ
നിൽക്കും നേരം
കുളിരാർന്ന നിൻ സംഗീതം.........



ഇവാൻ കെ
VIII C



# വേർപാട്

സന്ധ്യാദീപം തെളിയിച്ചുഞാൻ
ഉമ്മറകോലായിൽ ചാരിയിരിക്കവെ
കാർമേഘം പോൽ കുറുത്തിരുണ്ടുവെൻ
മനം ചിതറിയ ഓർമകളിലേക്കെത്തുമ്പോൾ
കാലമെന്നിൽ നിന്നകറ്റിയ എൻ സൗഹൃദ-
ത്തെ കാണുവാൻ എൻ മനം
കൊതിക്കുന്നു കാഴ്ചകൾക്കു അകലായി
അവൾ മറഞ്ഞു പോകുമ്പോൾ
മഴത്തുള്ളികൾ പോലെ പെയ്തത്-
യിറങ്ങുന്നത് ഞാൻ അറിയാതെ
അറിയുന്നു പള്ളിക്കൂടത്തിന്റെ
വരാന്തയിൽ നിന്നോടൊപ്പം
കളിക്കുവാൻ ഞാൻ ഇനിയും ഇനിയും
ആഗ്രഹിച്ചു ഉത്സവമേളയിൽ
നീ നീട്ടിയ മധു നുണഞ്ഞു ഞാൻ
ഉന്മാദമോടെആകാശ കാഴ്ചകളിൽ
ലയിക്കുമ്പോഴും
എൻ വിരൽ തുമ്പിൽ എന്റെ
പ്രിയ സുഹൃത്തില്ലെന്ന സത്യം
ഞാൻ അറിയുന്നു.....



**അലീന സാബു**
**VIII F**



# അമ്മ മലയാളം

ദ്രാവിഡനന്ദിനിയായി പിറന്ന
ഭാഷ എൻ ഭാഷ തൻ ഭാഷ
മാതൃഭാഷ വിശ്വമനോഹര
ഭാഷയായിനീയിന്ന്
ലോകാലോകാന്തരകീർത്തി
നേടിവേദഭാഷമൃതം ചേർന്ന
ഭാഷയാണെന്റെ മലയാള
മാതൃഭാഷകവികളാൽ
വാഴ്ത്തപ്പെടുന്നൊരു പുണ്യമാം
മലയാളഭാഷയെൻമാതൃഭാഷ
ഹൃത്തിലൊതുങ്ങാത്ത ഭാഷ
തൻ സൗന്ദര്യം എത്ര മോഴിഞ്ഞാലും
തീരുകില്ല വന്ദനം,വന്ദനം!
മലയാളഭാഷേ നിൻ, മനോഹാരിത-
യിലലിയുന്നു ഞാൻ.
എന്നിൽ ചൊരിയുന്ന പ്രഭയാണ്
എൻ മാതൃഭാഷ നിന്നെ സ്മരിക്കുന്നു
മലയാളിയായ ഞാൻ..



**വൈഷ്ണവി ആർ**
**VIII B**



## പോയി മറഞ്ഞ ബാല്യകാലം

ഇന്നുമോർക്കുന്നു ഞാൻ
പോയിമറഞ്ഞോരെൻ ബാല്യം
കാലത്തിൽ സൂര്യനിൽ പാറി
അകന്നോരു പക്ഷിയെ പോലെയെൻ
ബാല്യം സ്വപ്നമോഹങ്ങൾക്കു
പുഞ്ചിറകേകി ശലഭമായ് വന്നൊരൻ
ബാല്യം മകരമാസത്തിന്റെ മഞ്ഞിൽ
വിരിയുന്ന പൂക്കളെ കാണുവാൻ
എന്തുഭംഗി കലപില ശബ്ദമായി
നിദ്രയുണർത്തുന്ന കിളികളെ
കാണുവാൻ എന്തുഭംഗി ചില്ലകളിൽ
നിന്ന് കൊഴിയുന്ന ഇലപോൽ
കുട്ടികൾ തെരുവിൽ നിറഞ്ഞിരുന്നു
ചെളിയിൽ കളിച്ചതും ഓർമ്മയ
പുളിയും മാങ്ങയും പങ്കിട്ടുനിന്നതും
ബാല്യകാലത്തിന്റെ സ്മരണ
തന്നെ എൻ ഓർമകളിൽ
ഉള്ളൊരു ബാല്യം അസ്തമിക്കും
സുര്യനെ പോലെ പോയി മറഞ്ഞു
എന്റെ ബാല്യം ഇന്നുമോർക്കുന്നു
ഞാൻ പോയി മറഞ്ഞാരെൻ ബാല്യം




**അലീനാ രാജീവ്**
**VIII F**

# വിശ്വസിക്കാനാവാതെ

ശ്രീക്കുട്ടി അന്ന് വൈകിട്ട് മാമനെ പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നു. കുറേ കഴിഞ്ഞ് അവളുടെ മാമൻ ഒരു അമ്മയാടും അതിന്റെ കുഞ്ഞാടുമായി വീട്ടിലെത്തി. അങ്ങനെ കൊറോണ കാലത്ത് കൂട്ടുകാരെ കിട്ടിയതിൽ എന്തെന്നില്ലാത്ത സന്തോഷം. ശ്രീക്കുട്ടി അമ്മയാടിന് പേരിട്ടു മേരി . മേരിക്ക് ഒരു പ്രത്യേക സ്വഭാവമാണ്. അവൾ കുഞ്ഞാടിന് പാല് കൊടുക്കില്ല. മേരിക്ക് രണ്ടു കുട്ടികളായിരുന്നു. ഒരു കുട്ടി മാമന് നഷ്ട്ടപ്പെട്ടു. എന്നാൽ അതിനോടായിരുന്നു മേരിക്ക് കൂടുതൽ ഇഷ്ടം. പിന്നീട് കുഞ്ഞാട്ടിന് പാല് കിട്ടാനായി ശ്രീകുട്ടിയും അവളുടെ അച്ഛനും, അമ്മയുമൊക്കെ മേരിയുടെ കഴുത്തിലണിഞ്ഞ കയർ മുറുക്കി പിടിച്ചിട്ടാണ് കുഞ്ഞാട്ടിന് പാല് കൊടുക്കാറുള്ള പതിവ്. കുറേ നാൾ അവൾ രണ്ടു ആടുകളേയും വളർത്തി. അങ്ങനെയിരിക്കെ കുഞ്ഞാടിന് ഒരു ക്ഷിണം. പ്ലാവില കഴിക്കുന്നില്ല, പാല് കുടിക്കുന്നില്ല.ശ്രീക്കുട്ടി അച്ഛനോട് പറഞ്ഞു. അച്ഛൻ മൃഗ ഡോക്ടറിനെ വിളിച്ചു മരുന്നുകൾ വാങ്ങിച്ചു കൊടുത്തു. പക്ഷെ യാതൊരു ഫലവുമുണ്ടായില്ല. അസുഖം കൂടിക്കൂടി വന്നു. ശ്രീകുട്ടി വളരെയേറെ വ്യസനിച്ചു.കുഞ്ഞാട് ഒന്നും കഴിക്കാത്തതിനാൽ ഓരോന്ന് വാരി നിർബന്ധിച്ചു കൊടുത്തു. സന്ധ്യ ആയപ്പഴേക്കും കുഞ്ഞാടിന്റെ കരച്ചിൽ കേൾക്കാതെ ശ്രീക്കുട്ടിയുടെ അമ്മ അന്വേഷിച്ചെത്തി. കുഞ്ഞാടിനെ കാണാനില്ല. അപ്പോൾ കുഞ്ഞാട് ആട്ടിൻ കൂടിന്റെ മരക്കഷ്ണങ്ങളുടെ ഇടയിൽ നിന്ന് ഇഴഞ്ഞ് നീങ്ങിക്കൊണ്ട് പുറത്തേക്കിറങ്ങി. ക്ഷീണത്തോടെ ആർക്കും കേൾക്കാൻ പറ്റാത്ത ശബ്ദത്തിൽ കരഞ്ഞു. ഈ ദയനീയ അവസ്ഥകണ്ട് ശ്രീകുട്ടിയുടെ അമ്മ കുഞ്ഞാടിൻറെ പെരുമാറ്റങ്ങളെല്ലാം കണ്ട് മരുന്നുകൾ കൊടുത്തു. അങ്ങനെ കുറച്ച് കഴിഞ്ഞപ്പോൾ കുഞ്ഞാട് വലിയ ശബ്ദത്തിൽ അമ്മേ.. അമ്മേ... എന്ന് വിളിക്കാൻ തുടങ്ങി. ഈ ശബ്ദം കേട്ട് ശ്രീക്കുട്ടി കുഞ്ഞാടിന്റെ അരികിൽ ഓടിയെത്തി. അവൾ കരഞ്ഞുകൊണ്ട് കുഞ്ഞാടിനെ തടവികൊണ്ടിരുന്നു. ഇതു കേട്ട് ശ്രീകുട്ടിയുടെ ചേട്ടൻ പറഞ്ഞു ചിലപ്പോൾ അസുഖം കുറഞ്ഞതുകൊണ്ടായിരിക്കാമെന്ന്. പക്ഷെ കുഞ്ഞാട് നിറുത്താതെ കരഞ്ഞു കൊണ്ടേ ഇരുന്നു. പതിയെ കുഞ്ഞാട് കിടന്നു.അവസാനമായി അമ്മേ എന്ന് വലിയ ശബ്ദത്തിൽ കരഞ്ഞു. അതു അവസാനത്തെ വിളിയായിരുന്നു എന്നു ശ്രീക്കുട്ടി അറിഞ്ഞിരുന്നില്ല. ശ്രീക്കുട്ടി പൊട്ടിക്കരഞ്ഞു. അമ്മ സമാധാനിപ്പിച്ചു.അന്ന് വൈകിട്ടു കുഞ്ഞാടിനെ മേരിയുടെ അടുത്തായിരുന്നു കിടത്തിയത്. മേരി ഇത്രയും നാളില്ലാത്ത സ്നേഹം അന്നുരാത്രി പ്രകടിപ്പിച്ചു. കുഞ്ഞാടിന്റെ കഴുത്തിലുള്ള ആ ചെറിയ കയർ കടിച്ചിപിടിച്ചു പാൽ കൊടുക്കാനായി വലിച്ചുകൊണ്ടയിരുന്നു. ആ രാത്രിമേരി കിടന്നതേ യില്ല. കരഞ്ഞു കൊണ്ടിരുന്നു കുറേ മാസങ്ങൾക്കു ശേഷം മേരിയുടെ വയറ്റിൽ കുഞ്ഞുണ്ടെന്ന സന്തോഷവാർത്ത അവൾ അറിഞ്ഞു. മേരിയെ ശ്രീക്കുട്ടി കൂടുതൽ പരിചരിക്കാൻ തുടങ്ങി. കൃത്യസമയത്ത് അവൾക്കുവേണ്ട ആഹാരവും മറ്റും കൊട്ടക്കാൻ തുടങ്ങി. ശ്രീകുട്ടിയുടെ ചേട്ടൻ എപ്പോഴും അവളെ പറ്റിക്കാറുണ്ട്. അവളറിയാതെ ഒളിച്ചിരുന്ന് കുഞ്ഞാടുകൾ കരയുന്നതുപോലെ ശബ്ദം വയ്ക്കാറുണ്ട്. അത് ശ്രീകുട്ടി കണ്ടു പിടിക്കുകയും ചെയ്യും. ഒരു രാത്രി കുഞ്ഞാടിന്റെ ശബ്ദം ഉറക്കുത്തിൽ കേട്ടു.

എന്തോ, ചേട്ടൻ പറ്റിക്കയാണെന്ന് അവൾക്ക് തോന്നി. ഉറക്കുത്തിന്റെ മടികാരണവും അവൾ എഴുന്നേൽക്കാൻ പ്രയാസപ്പെട്ടു . കുഞ്ഞാടിന്റെ ശബ്ദം വിണ്ടും കേട്ടു. അവൾ ഞെട്ടി ഉണർന്നു. അരികിൽ ചേട്ടൻ ഇല്ലായിരുന്നു. അവൾക്ക് ഒരു സംശയം പോലെ തോന്നി. കുഞ്ഞുങ്ങൾ പുറത്തേക്ക് വന്നോ? അവൾ പതുക്കെ അച്ഛാ എന്ന് വിളിച്ചപ്പോഴേക്കും അച്ഛൻ ഉണർന്നു. അവർ രണ്ടു പേരും ആട്ടിൻ കൂടിനകത്തേക്ക് ടോർച്ച് കൊണ്ട് കയറി. മേരി ആരെയും ബുദ്ധിമുട്ടിക്കാതെ ഒന്ന് കരയാതെ രണ്ട് കുഞ്ഞുങ്ങളെ പ്രസവിച്ചു. വീട്ടിലെ, വെട്ടം കണ്ടിട്ടാകണം അവളുടെ അമ്മയും ആ സമയത്ത് എഴുന്നേൽറ്റു. എന്നാൽ മേരിയാതൊരു വേർതിരുവുമില്ലാതെ പാല് കൊടുത്തു.

പിറ്റേന്ന് രാവിലെ മേരിയുടെ തനിനിറം പുറത്തെടുത്തു. പെൺകുട്ടിക്കുമാത്രം പാല് കൊടുത്തു. ആൺ കുടിക്കു പാല് കൊടുത്തില്ല. പിന്നീട് പഴയതുപോലെ അവർ മേരിയുടെ കാലുകൾ മുറുക്കി നിർബന്ധിപ്പിച്ചാണ് കൊടുക്കാറ്. ശ്രക്കുട്ടി ആട്ടിൻ കുട്ടികൾക്ക് പേരിട്ടു. പെൺകുട്ടിയുടെ ശരീരം ചെമ്പ് നിറമായതിനാൽ ചാരൂ എന്നും, ആൺ കുട്ടിയുടെ ശരീര നിറം വെള്ളയും, കുറുപ്പും കലർന്നതിനാൽ വരയൻ എന്നും പേരിട്ടു. രണ്ടു പേരും നല്ല കുസ്യതി കുട്ടികളാണ്. അവൾ കൗതുകത്തോടെയും സന്തോഷത്തോടെയും അവരെ പരിപാലിച്ചുകൊണ്ടിരിക്കുന്നു. ചാരു ബുദ്ധി മതിയാണ്.മേരി പ്രേത്യേക ശബ്ദത്തിൽ പതിയെ ചരുവിനെ വിളിക്കും. ആ തക്കം നോക്കി ചാരു പാല് കുടിക്കുകയും ചെയ്യും.പാവം വരയൻ അവൻ മിണ്ടാതെ നോക്കി നിൽക്കും .അവനറിയാം മേരിയുടെ അടുത്ത് പാല് കുടിക്കാൻ ചെന്നാൽ ഓടിപ്പോവുമെന്ന് .അതുകൊണ്ട് തന്നെ ശ്രീക്കുട്ടിയെ ഒന്ന് കണ്ടാൽ മതി .അപ്പോൾ തന്നെ വരയൻ വിളി തുടങ്ങും മേരിയെ മേയ്ക്കാനായി പുറത്തേക്കിറക്കുമ്പോൾ പാല് കൊടുക്കാത്ത വരയനാണ് എപ്പോഴും കരയുന്നത്, ചാരു കരയത്ത് കൂടിയില്ല .എന്നാൽ മേരിക്ക് ചാരുവിനെയാണ് ഏറ്റവും ഇഷ്ട്ടം . അങ്ങനെ കുഞ്ഞാടുകളെ കളിപ്പിക്കാനായി ശ്രീക്കുട്ടി പുറത്തേക്കിറക്കി.അപ്പോൾ വരയനും, ചാരുവും സന്തോഷത്താൽ തുള്ളിച്ചാടി അവളുടെ മടിയിൽ കയറി കളിക്കുകയും,തോളിൽ കുഞ്ഞാടുകൾ കയറി കളിക്കുകയുംചെയ്യും അപ്പോൾ അവരുടെ മുൻപിലുള്ള രണ്ടു കാലുകൾ ശ്രീക്കുട്ടി പൊക്കിപ്പിടിച്ചു കളിപ്പിക്കാറുണ്ട്.അങ്ങനെ കളിചിരിയിൽ മുഴുകിയിരിക്കവേ പെട്ടന്ന് മേരിയുടെ അലർച്ച കേട്ട് അവൾ ആട്ടിൻ കൂട്ടിലേക്ക് ഓടി.എവിടെനിന്നോ വന്ന നായ് കൂട്ടങ്ങൾ ഓടി പോകുന്നത് കണ്ടു. രക്തത്തിൽ കുളിച്ചു ജീവന് വേണ്ടി പിടയുന്ന മേരിയാടിനെ കണ്ടു അവൾ അലറിക്കരഞ്ഞു. സ്വപ്നമാണോ, യഥാർഥ്യമാണോ എന്ന് അവൾക്ക് ഒന്നും മനസ്സിലായില്ല.ഒന്നും വിശ്വസിക്കാനാവാതെ ചുമരിൽ മുഖം താഴ്ത്തി അവൾ വിതുമ്പി.കാറ്റ് നിലച്ചു.കാലൻ കോഴി കൂവി.അപ്പോഴും ചാരുവും വരയനും മുറ്റത്തു കളിക്കുന്നുണ്ടായിരുന്നു......



ശ്രീ കാർത്തിക
IX B

# 'പ്രകൃതി എന്ന അമ്മ'

'പ്രകൃതി എന്ന അമ്മ'"നേരം നന്നായി ഇരുട്ടിയല്ലോ? അനുക്കുട്ടി ഇതുവരെ ഇങ്ങെത്തിയില്ലല്ലോ? ദൈവമേ ൻറെ കുട്ടിക്കൊന്നുംവരുത്തല്ലേ". മുത്തശ്ശി ദൈവത്തോട് പ്രാർത്ഥിച്ചു. സ്കൂളിൽ നിന്നുമവൾ ബസ് കയറി കഴിഞ്ഞിരിന്നു. എന്നാൽ ഒരു ബസ് കൂടിക്കയറിയാലേ വീട്ടിലെത്താനാകു. ബസിൽ കയറുമ്പോഴുള്ള ചെഞ്ചായം പൂശിയ സായാഹ്നം അവൾ ആ ബസിൽ നിന്നെറങ്ങിയപ്പോൾ കരിമ്പടം പുതച്ചിരുന്നു. വീട്ടിലേക്കുള്ള ബസ് കിട്ടിയില്ല റോഡ് വഴി നടന്നാൽ ഒത്തിരി നടക്കണം. പാടത്തൂടെ നടന്നാൽ അല്പം നടന്നാൽ മതി.എന്നാൽ ചെന്നു കയറുന്നത് ഏഴിലം പാലയുള്ള കവലയിലേക്കാണ്. നിലാവെട്ടത്തിൽ ചാഞ്ചാടുന്ന സ്വർണ കതിരുകളെ നോക്കി അവൾ തണുപ്പത്തുടെ നടന്നു. ഇളം കാറ്റ് അവളെ തഴുകിപ്പോയി. പാടവരമ്പത്തുള്ള ചെടികൾ നിഴൽച്ചിത്രങ്ങൾ വരയ്ക്കുന്നതും ഒക്കെ കണ്ട് അവൾ നടന്നു. എന്നും നേരത്തെ വിടെത്തുന്നതാണ്. ഇന്ന് കൂട്ടുകാരുടെ കലാപരിപാടികൾ കാണാൻ നിന്നതിനാലാണ് താമസിച്ചത് എന്ന ചിന്ത എപ്പോഴും അനുശ്രി എന്ന അനുക്കുട്ടിയെ അലട്ടിക്കൊണ്ടിരുന്നു. അത് കാണാൻ നിൽക്കായിരുന്നാൽ പെട്ടെന്ന് വീട്ടിലെത്താമായിരുന്നു. പാടത്തു നിന്നേ ഏഴിലം പാലയുടെ പൂക്കൾ പൊഴിഞ്ഞു വീഴുന്നതായി അവൾ കണ്ടു. ബാല്യത്തിൽ കേട്ടറിഞ്ഞ യക്ഷിക്കഥകൾ അവളുടെ മനസ്സിനെആകെ പിടിച്ചുലച്ചു. എപ്പോൾ ബസ് കാത്ത് നിന്നാലും പാലയുടെ അടുത്ത് നിന്ന് അകലം വിട്ട് മാത്രമേ നിൽക്കൂ. അത്രയ്ക്ക് പേടിയാണ് ഏഴിലംപാലയെയും യക്ഷികളേയും അവൾക്ക്. നിലാവ് ചൊരിയുന്ന പാൽവെട്ടവും അടുത്തു ഏഴിലംപാലയുടെ മനം മയക്കുന്ന ഗന്ധവും അവളിൽ ഭീതി ഉണർത്തി. പെട്ടെന്നാണ് ഇരുട്ടിലെ ഇരുണ്ട കണ്ണുകൾ അവളെ പിടികൂടിയത്. ഒരു കറുത്ത മനുഷ്യരൂപം തൻറെയടുത്തേക്കായി വരുന്നതായി അവൾക്കു തോന്നി. പേടിയായിരുന്നെങ്കിലും ഏഴിലം പാലയുടെ മറവിലേക്ക് അവൾ ഒതുങ്ങിക്കൂടി. മദ്യപിച്ച ഒരാളുടെ പ്രകൃതമായിരുന്നു ആ രൂപത്തിന്. ഒരു അമ്മയെ എന്നപോലെ അവൾ ആ മരത്തെ മുറുക്കിപ്പിടിച്ചിരുന്നു. ആ അമ്മച്ചൂട് അവൾക്ക് അല്പം സാന്ത്വനമേകി അവളുടെ കാതുകളിൽ ഒരമ്മ - യുടെ ശബ്ദം വന്നലച്ചു. "മോളേ നീ പേടിക്കേണ്ടതില്ല. എന്തുകൊണ്ടാണ് യക്ഷിക്കള എല്ലാവർക്കും പേടി എന്നറിയാമോ? കാരണം അവർ ശക്തരാണ് ആരെയുംപേടിയില്ലാത്തവരാണ്? "എന്നാൽ യക്ഷിയൊക്കെ സങ്കല്പമാണെന്ന് സാറ് പറഞ്ഞല്ലോ?"അതേ സങ്കല്പം തന്നെ മനുഷ്യമനസ്സുകളുടെ തോന്നലു - പക്ഷേ ചിലസമയത്ത് 5 മനുഷ്യർ കരുത്താർജ്ജിക്കാൻ സങ്കല്പങ്ങളെയാണ് കൂട്ടുപിടിക്കുന്നത് ഓരോ വ്യക്തിയുടേയും ധൈര്യം/ശക്തിഅവനവനുള്ളിലാണ് സാഹചര്യങ്ങൾക്കനുസരിച്ച് പതറിപ്പോകാതെ അവ ഉപയോഗിക്കണമെന്നു മാത്രം. മോളേ നീയും സ്വയം ശക്തയാകുക."!പെട്ടെന്ന് ആ രൂപത്തിന്റെ ഇരുണ്ട കൈകൾ അവളെ പിടികൂടി.അടുത്ത ദിവസം ബസ് സ്റ്റോപ്പിൽ നിന്നുപ്പോൾ ആരോ പറയുന്നതു കേട്ടു. ആ കുടിയൻ കരുണാകരന്റെ കാലും കൈയുമൊക്കെ ഒടിഞ്ഞത് ആളുകൾ രാവിലെയാണ് കണ്ടത്. പാലക്കൊമ്പ് വീണിട്ടാണെന്നു തോന്നന്നു ഒരു തുള്ളി രക്തമില്ലെന്ന്. എല്ലാം ചോർന്നു പോയെന്ന്. അവളുടെ നിഗൂഢമായ ചിരി മറ്റാർക്കുംമനസ്സിലായില്ല. ഏഴിലം പാല അപ്പോഴും തന്റെ പൂക്കൾ പൊഴിക്കുന്നുണ്ടായിരുന്നു



ദേവലക്ഷ്മി ജെ എസ

VIII A

# ബെഞ്ചമിൻ ജോസ് പ്ലേയിംഗ് ക്രിക്കറ്റ് ഫോർ ലൈഫ്

ആശുപത്രിയുടെ ഒരു മുറിയ്ക്ക് മുൻപിൽ പിതാവ് ജോസും ചേട്ടൻ ജോണും ഒരു ബെഞ്ചിൽ ഇരിക്കുന്നു. ഇരുവരും കുട്ടിയുടെ കരച്ചിൽ കേൾക്കുന്നു. ജോസ് തനിക്ക് ഇളയമകൻ ജനിച്ചെന്ന് ആനന്ദിച്ചയാൾ പിന്നീട് കരഞ്ഞു ഇളയമകന് ജന്മം കൊടുത്തിട്ട് അമ്മയായ ബിൻസി മരിച്ചു. അവിടെയാണ് കേരളത്തിനു വേണ്ടിക്കളിച്ച അ കേരളിയ ക്രിക്കറ്റ് താരത്തിൻറെ ജന്മം" ബെഞ്ചമിൻ ജോസ്

**5 വർഷത്തിന് ശേഷം**

ജോസ് ജോലിക്ക് പോകുമായിരുന്നു. ജോസ് തന്റെ മക്കളെ ജോസിന്റ പെങ്ങളായ ജോവിനയുടെ വീട്ടിൽ വിട്ടിട്ടാണ് ജോലിക്ക് പോയിരുന്നത്. ജോൺ തന്റെ അനുജനോട് ഇതുവരേയും മിണ്ടിയിട്ടില്ല. ബെഞ്ചമിൻ കാരണമാണ് തന്റെ അമ്മ മരിച്ചെന്നാണ് ജോൺ കരുതിയിരിക്കുന്നത്. ജോണിന് 10 വയസ്സാണ്. ജോൺ പഠിക്കുന്നതിൽ കേമനാണ്. എന്നാൽ ജോണിനേക്കാൾ കേമനാണ് ബെഞ്ചമിൻ. ജോസ് ഒരു ക്രിക്കറ്റ് പ്രേമിയാണ് ജോസ് തന്റെകൂട്ടുകാരോടൊപ്പം 2007ലെ ലോകകപ്പ് ഫൈനൽ കാണാൻ പോയിട്ടുണ്ട്. ജോസ് ടി.വിയിൽ കളികാണുമ്പോൾ ബെഞ്ചമിനും ജോണും കൂടെയിരിക്കും. ഒരിക്കൽ ജോസ് തന്റെ വീടിന്റെ ഉമ്മറത്തിരുന്നു പത്രം.വായിച്ചു കൊണ്ടിരുന്നപ്പോൾ ടി. വിയിൽ കണ്ടതുപോലെ ബെഞ്ചമിൻ ബോൾ ചെയ്തു. പല തവണ എറഞ്ഞത് ഒരേ ദിശയിലായിരുന്നു. ജോസ് ഇതുകണ്ട് സന്തോഷിച്ചു. ജോസ് തന്റെ അയൽവാസി കൂട്ടുകാർക്കൊപ്പം വീടിന്റെ പിറകിലുള്ള മൈതാനത്ത് ഫുട്ട്ബോൾ കളിക്കും. ജോൺ സ്കൂളിൽ പോയിട്ട്വന്നിട്ട് അവൻ അവന് സ്കൂളിൽ കൊടുത്ത ഹോം വർക്ക് എല്ലാം ചെയ്തിട്ട് അവൻ ടി.വി യിൽ ഫുട്ട്ബോൾ കാണും. ജോൺ ഒരു ഫുട്ട് ബോൾ ആരാധകനാണ്. അങ്ങനെ ഒരു ദിവസം അവൻ തന്റെ അയൽവാസി കൂട്ടുകാർക്കൊപ്പം മൈതാനത്ത് കളിച്ചുകൊണ്ടിരിക്കെ ബെഞ്ചമിൻ അവിടെ വന്നു.ജോണിന് അത് ഇഷ്ടപെട്ടില്ല. ജോൺ അവനെ വഴക്കുപറഞ്ഞു. എന്നിട്ട് പറഞ്ഞുവിട്ടു. ദുഃഖിതനായബെഞ്ചമിൻ ജോസ് ഇരുന്ന ഉമ്മറത്തേക്ക് വന്നിട്ട് അവിടെ ഇരുന്നു 'അച്ഛാ? എന്തുകൊണ്ടാണ് ജോൺ ചേട്ടൻ എന്റെയടുത്തു മിണ്ടാത്തത് ? ബെഞ്ചമിൻ അച്ഛനായ ജോസിന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു " മോനെ നിന്റെ അമ്മ നീ കാരണമാണ് മരിച്ച തെന്നാണ് അവൻ കരുതിയത്. ഞാൻ
അവനെ ഒരുപാട് പറഞ്ഞു മനസ്സിലാക്കി കൊടുത്തു എന്നിട്ടുപോലും അവൻ നിന്റെ കൂടെ കളിക്കാനും മിണ്ടാനും വരില്ല എന്ന് പറഞ്ഞു. ഒരുപാട് നാളുകൾക്ക് ശേഷം എല്ലാ ശനിയും ഞായറും മൈതാനത്ത് ക്രിക്കറ്റ് മത്സരം ഉണ്ടായിരുന്നു. ആ മത്സരം 5 മുതൽ 10 വയസ്സുള്ളവരുടെ മത്സരമായിരുന്നു. എല്ലാ മത്സരത്തിലും അവന് മികച്ച വിക്കറ്റ് നേട്ടം ഉണ്ടായിരുന്നു.ജോസ് അവന്റെ ബോളിങ്ങ് കണ്ടു
അമ്പരന്നു. ജോസ് ഒരു ക്രിക്കറ്റ് ആരാധകനായതിനാൽ ബെഞ്ചമിനെ ക്രിക്കറ്റിൽ ചേർക്കാൻ ജോസ് തീരുമാനിച്ചു. ബെഞ്ചമിനിന്റെ ചേട്ടൻ ജോണിനെ ഫുട്ട്ബോളിലും ചേർത്തു. ബെഞ്ചമിനിന്റെ കോച്ചായ അനുരാജ് അവനെ ബോളിങ്ങ് ശരിയായ രീതിയിൽ പഠിപ്പിച്ചു. നെറ്റ്സിൽ പ്രാക്ക്ടീസ് ചെയ്യുമ്പോൾ 4 വിക്കറ്റ് നേടി. അവിടെ ജോണിൻറെ കോച്ചായ ലിജോ അവനെ ശരിയായ രീതിയിൽ പഠിപ്പിക്കുമ്പോൾ അവൻ എപ്പോഴും തെറ്റായ രീതിയിലാണ് അവൻ പഠിച്ചിരുന്നത്. ' ബെഞ്ചമിൻ, നീ ഒരു ബോളറാണ് ഒരു പേസ് ബോളർ നീയാണ് ഇവിടെ ആദ്യ ഓവർ എറിയുക. പിച്ചിന് 20, 22 മീറ്ററാണ് നി അത്യാവശഘട്ടത്തിൽ മാത്രം ലെങ്ങ്ത് ബോൾ എറിയുക. അത് ബാറ്റ്സ്മാന് ബൗണ്ടറി നേടാൻ കഴിയില്ല. അല്ലെങ്കിൽ നീ എറിയുന്ന പന്തുകളിൽ അവർ അടിച്ചാൽ നി ഒരിക്കലും പതറരുത്. നീ ഞാൻ ഈ പറഞ്ഞ ബോൾ ഏറിഞ്ഞാൽ മതി." അനുരാജിൻറെ ഉപദേശം കേട്ട് അവൻ വീട്ടിലേക്ക് മടങ്ങി.

എന്നാൽ ജോണിൻറെ അവസ്ഥ വളരെ ദയനിയമാണ്. ലിജോ അവന് എത്ര പറഞ്ഞു കൊടുത്താലും ജോണിന് അത് മനസ്സിലാകുന്നില്ല. അങ്ങനെ അവനെ ഫുട്ട് ബോളിൽ നിന്ന് പരിച്ചുവിട്ടു. ബെഞ്ചമിൻ അനുരാജ് കോച്ചിനെ കണ്ടിരുന്നത് അവന്റെ കൂട്ടുകാരനെ പോലെയാണ്. ജോസ് തൻറെ കടങ്ങളെല്ലാം വീട്ടിയിരുന്നത് വീട് ലോണെടുത്തിട്ടായിരുന്നു. ഒരു ദിവസം രാവിലെ ബാങ്കുകാർ ആ വീട് ജപ്തി ചെയ്തു.ജോസ് ഈ കാഴ്ച കണ്ട് സ്തംഭിച്ചു പോയി. വേറെ താമസിക്കാൻ ഇടമില്ലാത്തതുകൊണ്ട് അടുത്ത് ജോവിനയുടെ വീട്ടിൽ പോയി. അവിടെ ജോവിനയ്ക്കോ ഭർത്താവായ സ്റ്റുവെർട്ടിനോ ജോസും കുട്ടികളും താമസിക്കുന്നതിൽ ഒരു പ്രശ്നവും ഇല്ലായിരുന്നു. ടി.വിയിൽ മാവോയിസ്റ്റ് സംഘം ഈ പ്രദേശത്ത് ഇറങ്ങി എന്നുള്ള സൂചന ലഭിച്ചു എന്ന് വാർത്തയിൽ പറയുന്നു.

# അറ്റാക്സ് ഓഫ് മാവോയിസ്റ്റ്

ബെഞ്ചമിനും കൂട്ടുകാര്യം അനുരാജ് കോച്ചും പരിശീലിക്കുന്നതിനിടയിൽ ഒരു വലിയ ശബ്ദത്തിൽ ഒരു പൊട്ടിത്തെറികേട്ടു. എല്ലാവരും തിരിഞ്ഞു നോക്കുന്നു. നോക്കിയപ്പോൾ സ്റ്റേഡിയത്തിന് പുറത്ത് ഒരു കുറുത്ത പുക അന്തരിക്ഷത്തിൽ പരക്കുന്നു. മാവോയിസ്റ്റ് സംഘം ആസ്ഥലം നശിപ്പിച്ചു ആളുകളെ കൊന്നിട്ട് അവരുടെ പണം തട്ടിയെടുക്കും അങ്ങനെ അവിടെ 105 പേർ മരിച്ചു. പോലീസിന് ഒന്നു ചെയ്യാൻ കഴിഞ്ഞില്ല. പട്ടാപകൽ കുറേ വീട് കൊള്ളയടിച്ചിട്ട് വിട്ടിലുള്ളവരെ കൊലപ്പെടുത്തി. മാവോയിസ്റ്റ് സംഘത്തിലെ ഒരാൾ ബഞ്ചമിനേയും കൂട്ടുകാരെയും കണ്ടു. അവർ ഓടി രക്ഷപെടാൻ ശ്രമിച്ചു. അവരുടെ പിറകേ ആ മാവോയിസ്റ്റ് സംഘത്തിലെ ഒരാൾ കൂടെയോടി. എന്നാൽ ബെഞ്ചമിനിന്റെ കൂട്ടുകാരായ ഒരാൾ ഓടുന്ന തിനിടയിൽ നിലത്തുവീണു പരുക്കേറ്റു. അവനെ പിടിച്ചെഴുനേൽപ്പിച്ചിട്ടു അവർ വീണ്ടും ഓടി രക്ഷപെട്ടു. പരുക്കേറ്റവനെ ഉടൻ തന്നെ ആശുപ്രതിയിൽ എത്തിച്ചു. അവന് നെറ്റിയിലായിരുന്നു പരുക്ക്. പരുക്ക് ഗുരുതരമില്ലാതെയിരുന്നു. ജോസ് ആ ആശുപത്രിയിൽ വന്നു. ബെഞ്ചമിന് ഒന്നും പറ്റിയില്ല. അനുരാജ് എല്ലാം വിശദീകരിചു കൊടുത്തു. അങ്ങനെ ഇരിക്കെ ബെഞ്ചമിൻ ചോദിച്ചു. "കോച്ച് സാറെ സാറിന്റെ ക്രിക്കറ്റ് എങ്ങനെയാണ്? എങ്ങനെയാണ് സാറ് ക്രിക്കറ്റ് അവസാനിപ്പിച്ചത്" അനുരാജ് ഒരു ദീർഘശ്വാസംവിട്ടിട്ട് പറഞ്ഞു. 1999 രഞ്ജി ട്രോഫി (ക്രിക്കാറ്റ് മത്സരം ആദ്യം ഉത്തരാഖണ്ഡിന്റെ ബാറ്റിംഗ് അവർ 258 റൺസ് എടുത്തു ഞാൻ 4 വിക്കറ്റ് നേടി തിരിച്ച് ഞങ്ങൾ 263 റൺസ് നേടി ഞാൻ 41 റൺസ് എടുത്തു. ഞങ്ങൾ 5 റൺസ് ലീഡ് ആയിരുന്നു പിന്നെയും ഉത്തരാഖണ്ഡ് ബാറ്റിങ്ങിൽ 326 റൺസ് എടുത്തു ഞങ്ങൾക്ക് ലക്ഷ്യം അപ്പോൾ 321 റൺസ് 'ആയി മറുപടി ബാറ്റിങ്ങിൽ ഞങ്ങൾ 32 റൺസ് നേടി ആ കളി വിജയിച്ചു ആ മത്സരം ഫൈനൽ ആയിരുന്നു. ഞാൻ ആ കളിയിൽ എല്ലാം കുട്ടി 9 വിക്കറ്റും 107 റൺസും നേടി. ഞങ്ങൾ അത് ആഘോഷിച്ചു. മൈക്കിൽ സംസാരിച്ചു കൊണ്ടിരിക്കെ ആരോ എൻ്റെ തലയ്ക്കടിച്ചു അങ്ങനെ ഞാൻ വിചായിരിച്ചു എന്റെ ജീവിതം അവസാനിച്ചുഎന്ന് എന്നാൽ അങ്ങനെ യല്ലായിരുന്നു. ഞാൻ വിരമിച്ചു." ഇത്രയും പറഞ്ഞ് അനുരാജ് ജനാലയ്ക്ക് അരികിലേക്ക് പോയി. (രഞ്ജി ട്രോഫി ക്രിക്കറ്റ് ഒരു ടെസ്റ്റ് മത്സരമാണ് ). അടുത്ത ദിവസം ജോണിന്റെ സ്കൂളിൽ മാവോയിസ്റ്റ് സംഘം കല്ലേറ് നടത്തി ഫസ്റ്റ് ബെഞ്ചിൽ ഇരുന്ന ജോണിന്റെ തലയിൽ ജനാലയുടെ ചില്ലും കല്ലും കൊണ്ടു. ജോണിന് പരുക്കേറ്റു. പ്രിൻസിപ്പാൾ ഉടൻ വിളിച്ചു. പോലീസ് സ്പെഷ്യൽ ഫോഴ്സിനെ ഏർപെടുത്തി അങ്ങനെ മാവോയിസ്റ്റുകാർ അവിടെ കല്ലേറ് നടത്തി ജനാലക്കളെല്ലാം പൊട്ടിച്ചു. പോലീസുകാർ അവിടെ വന്ന് ഇവരെ പിടികൂടി. ആശുപത്രിയിലെത്തിച്ച ജോണിന് ഗുതരമായി പരുക്കേറ്റില്ല : മകന് പരുക്കേറ്റുന്നറിഞ്ഞ ജോസ് പെട്ടെന്ന് ജോണിനെ കാണാൻ ജോവിനയുടെ വിട്ടിൽ വന്നു. ജോൺ എല്ലാം പറഞ്ഞുകൊടുത്തു. ബെഞ്ചമിന് അടുത്തദിവസം കേരള ടീമിന് വേണ്ടിയുള്ള സെലക്ഷൻ ആണ്. അവൻ ആ സെലക്ഷന് ചെന്നു. അവന്റെ ആദ്യത്തെ ഓവറിൽ തന്നെ അവൻ വിക്കറ്റ് കൊയ്യത്ത് തുടങ്ങി. റിസൾട്ട് അറിഞ്ഞപ്പോൾ ബെഞ്ചമിൻ ആനന്ദിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം അവൻ കേരളത്തിനായി കളിക്കാൻ പോവുകയാണ്. ബഞ്ചമിന് സങ്കടമാണ്. ജോസിനെ വിട്ട് അവൻ പോവുകയാണ്. അനുരാജ് കോച്ചും ജോസും ജോണും ബെഞ്ചമിനും റെയിൽവേ സ്റ്റേഷനിൽ വന്നു. അനുരാജ് കോച്ച് അവനെ വിളിച്ചുകൊണ്ട് ഒരു ട്രെനിൽ കയറിയാത്രയായി. അവിടെ അവൻ കുറേ പേരെ കണ്ടുമുട്ടി. അഭിഷേക്, ആദിത്യനാഥ്, ഗോപാൽ, സാരംഗ് കാശിനാഥ്, ദേവവേദ്, ലക്ഷ്മൺ, സാം, ഋഷികേശ് എന്നിവരെയാണ് അവൻ കണ്ടുമുട്ടിയത്. ഇവരോടൊപ്പം കൂട്ടുകൂടി അവർ ട്രെനിൽ നിന്നും ഇറങ്ങി ബസ്സിൽ കയറി. അവർ മുംബൈയിലെ നവി സ്റ്റേഡിയത്തിൽ എത്തി. കേരളത്തിൻറെ ബോളിങ്ങ് കോച്ചായ ശ്രീശാന്ത് അവനെ അവിടെയുള്ള സീനിയർ കളിക്കാരെ പരിചയപ്പെടുത്തി. അവിടുത്തെ സീനിയർ കളിക്കാർ നല്ല സ്വഭാവമുള്ളവരായിരുന്നു. അങ്ങനെ അവൻറെ മത്സരം ആരംഭിക്കാറായി ടോസ് കേരളം ജയിച്ചു ഞങ്ങൾ ബോളിങ്ങ് തിരഞ്ഞെടുത്തു. ആദ്യം ഓവർ എറിഞ്ഞിരുന്നത് വിനോദ് ആയിരുന്നു. ആദ്യ ഓവറിൽ അവൻ 4 റൺസ് കൊടുത്തു. രണ്ടാം ഓവർ എറിഞ്ഞത് ബെഞ്ചമിനായിരുന്നു അവൻ കേരളത്തിനായി 2 വിക്കറ്റ് നേടി അങ്ങനെ സ്കോർ 125-6 എന്ന നിലയിലായി ബെഞ്ചമിൻ ആ മത്സരത്തിൽ 3 വിക്കറ്റ് നേടി തുടർന്നുള്ള മത്സരത്തിൽ അവൻ മികച്ച വിക്കറ്റ് നേട്ടം കൈവരിച്ചു. ജോസ് തൻ്റെ വീട് ജപ്തിയിൽ നിന്ന് ഒഴിവാക്കി. അങ്ങനെ അവർ സ്വന്തം വീട്ടിൽ താമസമായി ഒരു ദിവസം ജോൺ തൻറെ പരീക്ഷയുടെ മാർക്ക് പറഞ്ഞു കൊടുത്തു ജോസ് അവനെ ശകാരിച്ചു. അവന് മാർക്ക് വളരെ കുറവായിരുന്നു. ഫൈനൽ മത്സരമായി ആദ്യം മത്സരം മധ്യപ്രദേശുമായിരുന്നു. മധ്യപ്രദേശ് 157-4 എന്ന നിലയിലായിരുന്നു. ആ മത്സരത്തിലെ 4 വിക്കറ്റും ബെഞ്ചമിനാണ് നേടിയത്.ജോസ് തന്റെ മകനെ മത്സരം കണ്ടുകൊണ്ടിരിക്കെ
മാവോയിസ്റ്റ് സംഘം ജോസിൻറെ വീട്ടിൽ കയറി. ജോസ് ഭയന്നു. ജോസിനെ സംഘത്തിലെ ഒരാൾ കത്തിയുമായി കുത്താൻ ഓടി വന്നു. ജോസ് അതു തടഞ്ഞ് അവന്റെ വയറിൽ ഇടിച്ചു. മറ്റൊരാൾ മരക്കഷണം കൊണ്ട് അടിക്കാൻ വന്നു ജോസ് അത് ഒഴിഞ്ഞ് അവനെ ഇടിച്ചു എന്നാൽ ഒരുത്തൻ അവനെ കത്തിയുമായി കുത്തി. ജോൺ എന്താ അവിടെ ഒരു ശബ്ദം എന്നറിയാൻ പുറത്ത് ഇറങ്ങി നോക്കി. ജോണിന്റെ തലയ്ക്ക് അടിച്ചു. അവൻ ബോധരഹിതനായി നിലത്തുവീണു. ബെഞ്ചമിൻ കളിയിലെ താരമായി. ആകളി കേരളം ജയിച്ചു.അനുരാജ് കോച്ച് അവനെ വിളിച്ചു ബെഞ്ചമിനേ ഒരു സങ്കട വാർത്തയുണ്ട് നിന്റ അച്ഛൻ മരിച്ചു. ബെഞ്ചമിൻ ഇത്രയും നേരം സന്തോഷിച്ചാണ് ഇരുന്നത് എന്നാൽ ഇപ്പോൾ അവൻ കരഞ്ഞു. അവൻറെ കൂട്ടുകാരെ യാത്ര പറഞ്ഞ് അവനും അനുരാജും യാത്രയായി

കൂട്ടുകൂടി അവർ മുംബയിലെ നവി സ്റ്റേഡിയത്തിൽ എത്തി. കേരളത്തിൻറെ ബോളിങ്ങ് കോച്ച് ശ്രീശാന്തായിരുന്നു. ശ്രീശാന്ത് അവനെ അവിടെയുള്ള സീനിയർ കളിക്കാരെ പരിചയപ്പെടുത്തി. അവിടുത്തെ സീനിയർ കളിക്കാർ നല്ല സ്വഭാവമുള്ളവരായിരുന്നു. അങ്ങനെ അവൻറെ മത്സരം ആരംഭിക്കാറായി. ആദ്യ പ്ലേയിംഗ് ഇലവണിൽ ബെഞ്ചമിൻ ഉണ്ടായിരുന്നു. ആദ്യം വോളിങ്ങ് ആയതിനാൽ ബെഞ്ചേമിനായതിനാൽ അവന് ആദ്യ ഓവറിൽ....



ആര്യജിത്ത് എ



History Of Bulb

Historians Robert Fridels and Paul Israel list inventors of ncandecent lamps prior to Joseph Swan and Thomas Alva Edison . [citation needed] hat Edison's versions was able to outstrip the other because of a combination of hree factors:an effective incandesent matprial,a higher vaccum than others were ble to achive(by use of the sprengal pumb) and a high mesistance that made ower. distribution from a centraliser source economic visable.

An incandesent light bulb. incandencent lamp or ncandecent light globe is an electric light width a wire filament heated until it glows



Hanna Biju
8G
Class no:9




## HISTORY OF WATCH

A clockmaker from Nuremberg named Peter Heleing is typically credited with inventing the very first watch.He created one of these "clock watches" in 15th century.It's important to note,though,that many other clockmakers were creating similar devices around this same time.

A watch is a portable timepiece intended to be carried or worn by a person.It is designed to be worn around the wrist, attached by a watch strap or other type of bracelet,including metal bands,leather straps,or other kind of bracelet.A pocket watch desingned for a person to carry in a pocket,often to a chain.



JAHNAVI AH
8G

# ഞാൻ

ഏകാന്തമാകുമീ കാറ്റിന്റെ ഓരത്ത്
ഓരോ വിളക്കായി വന്നു
ഒരു ചിരിയിലെയും, ഒരു മൊഴിയിലെയും
എന്നെത്തന്നെ തേടി.....
എന്നിലെ എന്നെ ഞാൻ എന്നെ കൈവിട്ടു
എങ്കിലും എന്നെ തേടീ ......
എന്താകുമീ ദീപസ്പന്ദനങ്ങളിൽ
എന്നെതന്നെ ഞാൻ തേടി...

നിഴൽവീണ വഴികളിൽ
ഇരുലാർന്ന പാതയിൽ
ആരോ വിളക്കായി നിൽക്കേ
ഞാനെന്നെതന്നെ മറന്നു നിൽക്കേ.
പാട്ടിന്റെ ഈണവും
പാട്ടിന്റെ താളവും
എന്നെത്തന്നെ തേടി.....
എന്നിലെ എന്നെ തേടി.........



അൽന കുഞ്ഞുമോൻ
XB

# TEAM CHATHANNOOR

# 2022-2023



# നേട്ടം




**ദഫ്മുട്ട് A ഗ്രേഡ്,ചെണ്ടമേളം A ഗ്രേഡ്,കഥകളി A ഗ്രേഡ്,**
**കഥകളി സംഗീതം A ഗ്രേഡ്,അനിമേഷൻ A ഗ്രേഡ്,**



## ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ക്യാമ്പിൽ പങ്കെടുത്ത അഭിരാം ബി ആർ നു അഭിനന്ദനങ്ങൾ

LITTLE KITES
(2022-2025)BATCH



LITTLE KITES
(2023-2026)BATCH



കഴിഞ്ഞുപോയ കാലങ്ങളെ കുറിച്ച് നാളയുടെ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുമ്പോഴാണ് അഭിമാനം പ്രകടമാകുന്നത്. ആ താളുകൾ മറിച്ചു നോക്കുമ്പോൾ പ്രകാശമണിഞ്ഞ് പൊൻകിരീടവും ശിരസുമുയർത്തി നിറമണിഞ്ഞ ദിനങ്ങളെ വളരെ ഭംഗിയായി വരികളിലൂടെയും വരകളിലൂടയും പ്രദർശിപ്പിച്ച കുരുന്നുകൾക്ക് ...

വിരലുകൾ കൊണ്ട് E- പുലരിയെ മനോഹരമാക്കിയ സന്മനസുകൾക്ക് ...

നേത്രത്വം കൊണ്ട് നയിച്ച ബഹുമാന്യർക്ക്...

വർണ്ണ ചിറകുള്ള പട്ടങ്ങളായി നാളെയുടെ നിലാവിൽ പാറി കളിക്കുന്ന അക്ഷര സ്നേഹികൾക്ക് ...


"ഇതൊരു തുടക്കമല്ല തുടർച്ചയാണ്".

ഇ-പുലരിക്ക് ജീവൻ നൽകിയ എല്ലാവർക്കും

# നന്ദി



Chithra A
HST Social Science
Kite Mistress



Sarath Sankar
HST Maths
Kite Master

